# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 347** **24.06.2014-ലെ മറുപടിക്ക്**

**സാമ്പത്തിക വർഷാരംഭത്തിലെ കടമെടുക്കൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ**

**ചോദ്യം**

പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. കെ. സുരേഷ് കുറുപ്പ്

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സാമ്പത്തിക വർഷാരംഭത്തിൽ തന്നെ സംസ്ഥാനം കടം എടുക്കേണ്ട സാഹചര്യംഉണ്ടായിട്ടുണ്ടോ; ആയതിന്റെ കാരണങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവുണ്ടാകാതിരിക്കുകയും കേന്ദ്ര നികുതി വിഹിതത്തിൽ നിന്നും സംസ്ഥാനത്തിനു ലഭിക്കേണ്ടിയിരുന്ന തുകയിൽ കുറവു വരുക, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ലഭിക്കേണ്ടിയിരുന്ന തുകയിൽ വന്ന കുറവ് എന്നിവ നിമിത്തം റവന്യൂ വരവിൽ കുറവുണ്ടായ സാഹചര്യത്തിലും പദ്ധതി പ്രവർത്തനങ്ങൾക്ക് കുറവു വരാതെ നിലനിർത്തിയതു മൂലം സാമ്പത്തിക ഞെരുക്കം ഉണ്ടായിട്ടുണ്ട്. ഈ ഒരു സാഹചര്യത്തിൽ സാമ്പത്തിക വർഷാരംഭത്തിൽ പ്രതീക്ഷിച്ച ഓപ്പണിംഗ് ബാലൻസ് ഇല്ലായിരുന്നു. ആയതിനാൽ കേന്ദ്രം അനുവദിച്ച പരിധിയിൽ നിന്നുകൊണ്ട് സാമ്പത്തിവർഷാരംഭത്തിൽ കടം എടുക്കുകയുണ്ടായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 13548 കോടി രൂപയാണ്(തനി). ടി തുക നാല് പാദങ്ങളിലും ഏതാണ്ട് തുല്യമായി തന്നെ എടുക്കുന്നതിനാണ് ശ്രമിക്കുന്നത്. ഇത്തരത്തിൽ തുക വിതരണം ചെയ്യണമെന്ന് മുൻകൂട്ടി തീരുമാനിച്ച് റിസർവ് ബാങ്കിനെ അറിയിച്ചതിനു ശേഷം മാത്രമാണ് കടമെടുക്കാറുള്ളത്. റിസർവ് ബാങ്കും ഇത്തരത്തിൽ വിവിധപാദങ്ങളിൽ തുല്യമായ നിലയിൽ കടമെടുക്കുന്നതാണ് അഭികാമ്യമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട പരിധിയിൽ നിന്നു മാത്രമേ കടം എടുക്കുന്നുള്ളൂ എന്ന് വ്യക്തമാണ്. |

| | | |
|---|---|---|
| (ബി) | സാമ്പത്തിക വർഷാരംഭത്തിൽ തന്നെ കടം എടുക്കുന്നത് തുടർന്നുള്ള വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിൽ അഭിപ്രായം വ്യക്തമാക്കുമോ ; | സാമ്പത്തിക വർഷാരംഭത്തിൽ തന്നെ കടം എടുക്കുന്നത് തുടർന്നുള്ള വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നില്ല. |
| (സി) | സാമ്പത്തിക മാനേജ്മെന്റിന്റെയും നികുതി പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത കുറഞ്ഞതിനാലാണ് ശമ്പളം നൽകുന്നതിനടക്കം കടം എടുക്കേണ്ട സാഹചര്യം ഉണ്ടായതെന്ന ആക്ഷേപത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കുമോ; | കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്ത തരത്തിലുള്ള വളർച്ച സംസ്ഥാന നികുതി വരുമാനത്തിൽ ഉണ്ടായിട്ടില്ല. ഇതൊടൊപ്പം കേന്ദ്ര നികുതി വിഹിതത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കേണ്ടിയിരുന്ന തുകകളിലും ഉണ്ടായ കുറവും പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്നതിനായി സംസ്ഥാനത്തിന് അനുവദനീയമായ പരിധിക്കുള്ളിൽ നിന്ന് വായ്പയെടുത്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാന ചരിത്രത്തിലിതേ വരെയുള്ള മൊത്തം കടത്തിന്റെ എത്ര ശതമാനമാണ് ഈ സർക്കാരിന്റെ കാലത്ത് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ; | ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ പൊതു വിപണിയിൽ നിന്നും, വിവിധ ഏജൻസികളിൽ നിന്നും, കേന്ദ്ര ഗവൺമെന്റിൽ നിന്നും എടുത്ത വായ്പകൾ 66177.63/- കോടി രൂപയായിരുന്നു. 2014 ഏപ്രിൽ 30 വരെയുള്ള കണക്കുകൾ പ്രകാരം ഇത് 97016.96/- കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് അധികമായി എടുത്ത വായ്പ മൊത്തം കടത്തിന്റെ 31.78 ശതമാനമാണ്. |
| (ഇ) | നടപ്പുവർഷം ഇതിനകം എടുത്ത കടം എത്ര; ഇതിൽ നടപ്പുവർഷത്തെ പദ്ധതിച്ചെലവിലേക്ക് ഉപയോഗിച്ചതെത്ര? | ഈ സാമ്പത്തിക വർഷം മെയ് 31 വരെ 3200 കോടി രൂപ പൊതുവിപണിയിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്. ഇതിൽ 584.13 കോടി രൂപ പദ്ധതി ചെലവിലേക്ക് വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ